പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*95 11.07.2016 – ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വി. അൻവർ<br>,, എസ്.ശർമ്മ<br>,, എം. രാജഗോപാലൻ<br>,, കെ.ഡി. പ്രസേനൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയ പാതകളായ എൻ.എച്ച് 49 (ബോഡിമെട്ട - കുണ്ടന്നൂർ), എൻ. എച്ച് 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മുത്തങ്ങ), എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ. എച്ച് 220 (കൊല്ലം - കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട-വണ്ടിപെരിയാർ), എൻ. എച്ച് 185 (അടിമാലി - പൈനാവ് -കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി യിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാത യായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. പാത വികസന ത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിയും ഏറ്റെ |

ക്കുന്ന ഭൂമിയ്ക്ക് ന്യായമായ നഷ്ട പരിഹാരം/പുനരധിവാസം/ പുനരാ-വാസം നൽകാനും ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക അകറ്റുന്നതിനും, അവരുടെ പുനരധിവാസത്തിനുമായി സ്വീകരി ക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തു മ്പോൾ അലൈൻമെന്റിലുള്ള പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ കൺസൾട്ടന്റിനു വേണ്ട നിർദ്ദേശ ങ്ങൾ നൽകുവാൻ നടപടി എടുത്തി ട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി അംഗീകാരം ലഭിച്ചാൽ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച അന്തിമ രൂപം ലഭിക്കുകയും ജന ങ്ങളുടെ ആശങ്കകളെക്കുറിച്ച് അറിയു വാനും കഴിയൂ. ദേശീയപാതാ വികസനത്തിനായി സ്ഥലമേറ്റെടു ക്കുമ്പോൾ ജനങ്ങൾക്കു നൽകുന്ന നഷ്ടപരിഹാരവും പുനരധിവാസവും നടത്തുന്നതും കേന്ദ്ര സർക്കാരിന്റെ 2013 ൽ നിലവിൽ വന്ന RFCTLARR Act അനുസരിച്ചാണ്.

(സി) 2013 ൽ കേന്ദ്രസർക്കാർ പാസ്സാ ക്കിയ ഭൂമി ഏറ്റെടുക്കൽ സുതാര്യ തയും, ന്യായ നഷ്ടപരിഹാരവും പുനരധിവാസവും, പുനരാവാസവും (The Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act) അവകാശ നിയമപ്രകാരമാണോ സ്ഥലം ഏറ്റെടുക്കുന്നത്; ഇതു പ്രകാരം നഷ്ടപരിഹാരത്തിനും, പുനര ധിവാസത്തിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയി ക്കുമോ?

(സി) അതെ. ദേശീയപാതാ വികസന ത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ട പരിഹാരം കണക്കാക്കുന്നതും. വ്യവസ്ഥകൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 26-32, 38, 105 ലും അനു ബന്ധ ഷെഡ്യൂളുകളായ ഷെഡ്യൂൾ-1,

ഷെഡ്യൂൾ - 2, ഷെഡ്യൂൾ - 3 ലും, ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥല വില നിശ്ചയിക്കുമ്പോൾ അടുത്ത പ്രദേശത്ത് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ വിലയുടെ 2 മടങ്ങ് മുതൽ 4 മടങ്ങ് വരെ (സൊലേഷ്യം ഉൾപ്പെടെ) ലഭിക്കുമെന്നാണ് ദേശീയ പാതാ വികസന അതോറിറ്റി അറിയിച്ചിട്ടുള്ളത്. ജനങ്ങളുടെ യാത്രാ ക്ലേശം തീർക്കുന്ന പദ്ധതിയ്ക്ക് സ്ഥലം തന്നവർക്ക് നല്ല പ്രതിഫലം നൽകുവാനും, വസ്തുനിഷ്ഠ പരിഗണനയെന്ന വാദം നിലനിർത്തി എല്ലാവരോടും നീതിപുലർത്താനും ബഹു.മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും സംബന്ധിച്ച ദേശീയപാത അതോറിറ്റി (NHAI) യുടെ ഉദ്യോഗസ്ഥതല യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ